

# ലൈഫ് ഓഫ് പൈ

**യാൻ മാർട്ടൽ**

കടൽക്ഷോഭത്തിൽ തകർന്ന കപ്പലിൽനിന്നും രക്ഷപ്പെട്ടവർ അഞ്ചുപേർ മാത്രമായിരുന്നു. പതിനാറുവയസ്സുകാരൻ പൈ എന്ന ആൺകുട്ടിയും കാലൊടിഞ്ഞ ഒരു സീബ്രയും ഒരു കഴുതപ്പുലിയും ഒരു പെൺ ഒറാങ് ഉട്ടാനും പിന്നെ 200 കിലോ തൂക്കം വരുന്ന റിച്ചാർഡ് പാർക്കർ എന്ന കടുവയുമായിരുന്നു ആ അഞ്ചുപേർ. പസഫിക് കടലിന്റെ അനന്തനീലിമ പശ്ചാത്തലമൊരുക്കുന്ന അത്യപൂർവ്വമായൊരു കഥ തുടങ്ങുകയായി. നോവൽരൂപത്തിലും ചലച്ചിത്ര രൂപത്തിലും ലക്ഷക്കണക്കിന് ആസ്വാദകരെ നേടിയ കൃതിയുടെ ചാരുതയാർന്ന പരിഭാഷ.

വിവർത്തനം: **എം.എസ്. നായർ**



കവർ ഡിസൈൻ: അനീഷ് ഉതിമൂട്


ഡിസിബുക്സ്

www.dcbooks.com

നോവൽ

ISBN 978-81-264-4355-0 00002

9 788126 443550

E-book available

₹ 260


യാൻ മാർട്ടൽ • ലൈഫ് ഓഫ് പൈ

dcb

മാൻ ബുക്കർ പ്രൈസ് നേടിയ

# Life of Pi

YAN MARTEL

# ലൈഫ് ഓഫ് പൈ

യാൻ മാർട്ടൽ


T823 MAR/L
CASMTKM
BK
394


dcb

## യാൻ മാർട്ടൽ

*The Facts Behind the Helsinki Roccamatios, Self, Life of Pi, Beatrice & Virgil, 101 letters to a Prime Minister* എന്നീ പുസ്തകങ്ങളുടെ രചയിതാവും അവാർഡ് ജേതാവുമായ യാൻ മാർട്ടൽ സ്പെയിനിൽ 1963-ലാണ് ജനിച്ചത്. ട്രന്റ് യൂണിവേഴ്സിറ്റിയിൽ ഫിലോസഫി പഠിച്ചശേഷം മരം നടീലുകാരൻ, പാത്രം കഴുകുന്നവൻ, സെക്യൂരിറ്റി ഗാർഡ് എന്നിങ്ങനെ പല ജോലികൾ അദ്ദേഹം ചെയ്തു. എഴുത്തിലേക്കു തിരിയുംമുമ്പേ വളരെയേറെ യാത്ര ചെയ്യുകയുണ്ടായി. *Life of Pi*, മറ്റ് സമ്മാനങ്ങൾ ക്കൊപ്പം 2002-ൽ മാൻ ബുക്കർ പുരസ്കാരം നേടി. ഒരു അന്തർദ്ദേശീയ ബെസ്റ്റ് സെല്ലറുമായി. യാൻ മാർട്ടൽ എഴുത്തുകാരിയായ ആലീസ് കുയിപ്പേഴ്സിനോടും മക്കളോടുമൊപ്പം സസ്ക്കാടൂണിൽ താമസി ക്കുന്നു.

## എം. എസ്. നായർ

1947 ഡിസംബർ 27-ന് ചെങ്ങന്നൂരിൽ ജനിച്ചു. ചെങ്ങന്നൂർ ഹയർ സെക്കൻഡറി സ്കൂൾ, എൻ എസ് എസ് കോളജ് ചങ്ങനാശ്ശേരി, ഭുവനേശ്വറിലെ ഉഡ്കൽ യൂണിവേഴ്സിറ്റി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് കൽക്കത്ത എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1971-ൽ ഏജീസ് ഓഫീസിൽ ചേർന്നു. 1980-ൽ ഇ എസ് ഐ കോർപറേഷ നിൽ ഇൻസ്പെക്ടറായി ചേർന്ന് 2007 ഡിസംബറിൽ ഡെപ്യൂട്ടി ഡയറ ക്ടറായി വിരമിച്ചു. 1983 മുതൽ വിവർത്തനരംഗത്ത് സജീവമാണ്. അഗതാക്രിസ്റ്റി, ഹിച്ച്കോക്ക്, ഏൾ സ്റ്റാൻലി ഗാർഡ്നർ (പെറി മേസൺ പരമ്പര) എന്നിവരുടെ കൃതികളുടെ വിവർത്തനങ്ങൾ നിർവഹിച്ചി ട്ടുണ്ട്.

യാൻ മാർട്ടൽ

# ലൈഫ് ഒഫ് പൈ

വിവർത്തനം

എം. എസ്. നായർ

ഡി സി ബുക്സ്

LIBRARY

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Life of Pi

LITERATURE/NOVEL
*by* Yann Martel

MALAYALAM TITLE
Life of Pi

*Translated by* M.S. Nair
Copyright © Yann Martel, 2001
This edition arranged with Creative Artists, Ltd.

First Published November 2013
2nd Impression July 2014

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Martel, Yann.
Life of Pi/Yann Martel;
Malayalam translation/M.S. Nair.
392p., 21 cm.
ISBN 978-81-264-4355-0.
1. Malayalam translation of 'Life of Pi'.
1. English novel. 2. Malayalam translation. I. Title.
II. Title-English. III. Nair, M.S.
823-dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-4355-0

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹260.00

330/14-15-Sl.No. 13707-dcb 5640-(2)2000-6245-07-14-Spb. 18.1-p ag-r (t)ar-d (t)hm

# ഗ്രന്ഥകർത്താവിന്റെ കുറിപ്പ്

എനിക്ക് നല്ല വിശപ്പുണ്ടായിരുന്നപ്പോഴാണ് ഈ പുസ്തകം ജനിച്ചത്. ഞാനതു വിശദീകരിക്കാം. 1996-ലെ വസന്തകാലവേളയിലാണ് എന്റെ നോവൽരൂപത്തിലുള്ള രണ്ടാമത്തെ കൃതി കാനഡായിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. അതിന് ഒരു തണുപ്പൻ പ്രതികരണമാണ് ലഭിച്ചത്. നിരൂപകർക്ക് അന്ധാളിപ്പുണ്ടായി അല്ലെങ്കിൽ അവർ നിരുത്സാഹപരമായ പ്രശംസകൊണ്ട് അതിനെ ദണ്ഡിച്ചു. വായനക്കാർ അതിനെ ഗൗനിച്ചില്ല. വളരെ സാഹസപ്പെട്ട് കോമാളിവേഷം കെട്ടിയിട്ടും അല്ലെങ്കിൽ ഒരഭ്യാസിയെപ്പോലെ ഞാണിൻമേൽക്കളി നടത്തിയിട്ടും മാധ്യമസർക്കസ് എന്നെ കാര്യമായിട്ടെടുത്തില്ല. പുസ്തകം മാർക്കറ്റിൽ ചലനം സൃഷ്ടിച്ചില്ല. ബേസ് ബോൾ കളിക്കാനോ അല്ലെങ്കിൽ ഫുട്ബോൾ കളിക്കാനോ കുട്ടികൾ നിരനിരയായി നിൽക്കുന്നതുപോലെ എന്റെ പുസ്തകക്കോപ്പികൾ പുസ്തകക്കടകളിലെ ഷെൽഫുകൾ കൈയടക്കി. ടീമിൽ കയറാൻ യോഗ്യതയില്ലാത്ത ആരോഗ്യവാനല്ലാത്ത നീണ്ടുമെലിഞ്ഞ ഒരു പയ്യനെപ്പോലെ അത് അവിടെ ആർക്കും വേണ്ടാത്ത സാധനംപോലെ ഇരുന്നു.

ആ വൻപരാജയം എന്നെ അത്രകണ്ടു തളർത്തിയൊന്നുമില്ല. 1939-ലെ പോർച്ചുഗൽ പശ്ചാത്തലമാക്കി മറ്റൊരു നോവൽ എഴുതാനുള്ള പ്രക്രിയയ്ക്ക് ഞാൻ തുടക്കമിട്ടുകഴിഞ്ഞിരുന്നു. എന്നാലും ഒരസ്വസ്ഥത ഞാൻ അനുഭവിച്ചുകൊണ്ടിരുന്നു. എന്റെ കൈയിൽ കുറച്ചു പണവുമുണ്ടായിരുന്നു.

അതുകൊണ്ട് ഞാൻ നേരേ ബോംബെയ്ക്കു പറന്നു. മൂന്നു കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞാൽ ഇതു യുക്തിസഹമല്ലാത്ത കാര്യമല്ലെന്ന് നിങ്ങൾക്കും ബോധ്യപ്പെടും. ഇന്ത്യയിൽ അല്പം സമയം ചെലവിടുന്നത് ഏതൊരുവന്റെയും അസ്വസ്ഥത പാടേ തുടച്ചുമാറ്റും. ഇന്ത്യയിൽ കാര്യങ്ങൾ നടത്താൻ അല്പം പണം മതിയാകും. 1939-ലെ പോർച്ചുഗൽ പശ്ചാത്തലമാക്കിയ ഒരു നോവലിൽ 1939-ലെ പോർച്ചുഗലുമായി അത്ര അടുപ്പം ഉണ്ടാകണമെന്നുമില്ല.

ഒരഞ്ചുമാസക്കാലം വടക്കേ ഇന്ത്യയിൽ ഞാൻ പണ്ടൊരിക്കൽ ചെലവിട്ടിട്ടുള്ളതാണ്. അന്ന് യാതൊരുവിധ തയ്യാറെടുപ്പുമില്ലാതെയാണ് ആ ഉപഭൂഖണ്ഡത്തിൽ ചെന്നിറങ്ങിയത്. സത്യം പറഞ്ഞാൽ എന്റെ തയ്യാറെടുപ്പ് ഒറ്റ വാക്കിൽ മാത്രം ഒതുങ്ങുന്നതായിരുന്നു. ഇന്ത്യയെപ്പറ്റി അറിയാമായിരുന്ന എന്റെ ഒരു ചങ്ങാതിയോട് എന്റെ യാത്രാപരിപാടികളെപ്പറ്റി സൂചിപ്പിച്ചപ്പോൾ അയാൾ ഇങ്ങനെയാണ് പ്രതികരിച്ചത്— "ഇന്ത്യക്കാരുടെ ഇംഗ്ലിഷ് വിചിത്രമാണ് കേട്ടോ! കബളിപ്പിക്കുക പോലുള്ള വാക്കുകൾ അവർക്ക് പെരുത്ത ഇഷ്ടമാണ്!" എന്റെ വിമാനം ഡൽഹിയിൽ പറന്നിറങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ അയാൾ പറഞ്ഞ